പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

11.07.2012-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ . 6327

## ട്രോളിംഗ് നിരോധന സമയത്തെ ആനുകൂല്യങ്ങളും അപകടനഷ്ടപരിഹാരവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. എഫ്. തോമസ്<br>" മോൻസ് ജോസഫ്<br>" തോമസ് ഉണ്ണിയാടൻ<br>" റ്റി. യു. കുരുവിള | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൂടുതൽ റേഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ; | (എ) | 2012-ലെ ട്രോളിംഗ് നിരോധന കാലയളവിൽ (ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസം) തൊഴിൽ രഹിതരാകുന്ന യന്ത്രവൽകൃത യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾ, ഹാർബറുകളിലെ അനുബന്ധ മത്സ്യത്തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ എന്നിവർക്ക് സൗജന്യ റേഷൻ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തീരദേശ ജില്ലാ ഓഫീസർമാർ സൗജന്യ റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അപകടങ്ങളിൽപ്പെട്ട് വള്ളവും, വലയും നഷ്ടപ്പെടുന്നത് നിത്യസംഭവമാകയാൽ ഇത്തരത്തിലുള്ളവർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെടുന്നവർക്കും കടൽക്ഷോഭം മൂലം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്കും ജില്ലാ കളക്ടറുടെയും/ മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്/മത്സ്യഫെഡ് എന്നിവിടങ്ങളിൽ മത്സ്യബന്ധനോപകരണങ്ങൾ ഇൻഷ്വർ ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കുന്നുണ്ട്. ഫിഷറീസ് വകുപ്പിൽ നിന്നും നേരിട്ട് ധനസഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ